(ഇ) കഴിഞ്ഞ അഞ്ചുവർഷത്തിനിടെ എത്ര കേസുകളിൽ കുറ്റ വാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ;

(എഫ്) വെറുതെ വിട്ട എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 724 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർ ഉൾപ്പെട്ട 711 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാന പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട 29 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ പൊതു പ്രവർത്തകർ ഉൾപ്പെട്ട 108 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) കഴിഞ്ഞ അഞ്ചുവർഷത്തിനിടെ 191 കേസ്സുകളിൽ കുറ്റ വാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് .

(എഫ്) വെറുതെവിട്ട 61 കേസുകൾ ഉണ്ട്. മൂന്ന് വിജിലൻസ് കേസുകളിൽ പ്രതികൾ മരിച്ചതിനെ തുടർന്ന് കേസ് നടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസുകൾ

90(296) ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഏതെല്ലാം വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് കേസ്സ് രജിസ്റ്റർ ചെയ്തിരിക്കുന്നത് ;

(സി) ഇവർക്കെതിരെ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) 991 ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) താഴെ പറയുന്ന വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്:

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്
2. പൊതുമരാമത്ത് വകുപ്പ്
3. വിദ്യാഭ്യാസ വകുപ്പ്
4. പഞ്ചായത്ത് വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

5. ട്രാൻസ്പോർട്ട് വകുപ്പ്
6. ബ്ലോക്ക് പഞ്ചായത്ത്
7. രജിസ്ട്രേഷൻ വകുപ്പ്
8. റവന്യൂ വകുപ്പ്
9. എൽ.എസ്.ജി.ഡി.
10. എൻകയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്
11. സിവിൽ സപ്ലൈസ് വകുപ്പ്
12. ഫോറസ്റ്റ് വകുപ്പ്
13. പട്ടികജാതി വികസന വകുപ്പ്
14. ജയിൽ വകുപ്പ്
15. സിഡ്കോ
16. കൃഷി വകുപ്പ്
17. പോലീസ് വകുപ്പ്
18. സഹകരണ സംഘം
19. അർബൺ അഫയേഴ്സ്
20. ബിവറേജസ് കോർപ്പറേഷൻ
21. ആരോഗ്യ വകുപ്പ്
22. ലാന്റ് റവന്യൂ
23. ഖാദി
24. കൊമേഴ്സ്യൽ ടാക്സ്
25. എക്സൈസ്
26. കാർഷിക നികുതി
27. മോട്ടോർ വെഹിക്കിൾസ്
28. ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്
29. നിയമ വകുപ്പ്
30. ജലസേചനം
31. ഫിഷറീസ്

LIBRARY ARCHIVES Kerala Legislative Assembly

32. ദേവസ്വം

33. വ്യവസായ വകുപ്പ്

34. ടൂറിസം വകുപ്പ്

35. മൈനിംഗ് ആന്റ് ജിയോളജി

36. മൃഗസംരക്ഷണം

37. ക്ഷീര വികസനം

38. ഗ്രാമ വികസനം

39. തൊഴിൽ വകുപ്പ്

40. സാമൂഹ്യരക്ഷാമം

41. സർവ്വകലാശാല

42. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്.

(സി) പ്രോസിക്യൂഷൻ, വകുപ്പുതല അച്ചടക്ക നടപടി, നഷ്ടം തിരിച്ചുപിടിക്കൽ, സസ്പെഷൻ, ട്രൈബ്യൂണൽ എൻക്വയറി, സ്ഥലം മാറ്റൽ, പിരിച്ചുവിടൽ തുടങ്ങിയ നടപടികൾ ഇവർക്കെതിരെ കൈക്കൊണ്ടിട്ടുണ്ട്.

വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

91(298) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സാജുപേൾ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഹോട്ടലുകളുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ടൂറിസ്റ്റുകളുടെ താമസത്തിനായി കൂടുതൽ ഹോട്ടലുകളും യാത്രീനിവാസുകളും ആരംഭിക്കുന്നതിനുള്ള പദ്ധതികൾ പൂർത്തിയായിട്ടുണ്ടോ;

(ഡി) ചെന്നൈ കേരള ഹൗസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ഇ) കൊച്ചിയിലെ മറീന പദ്ധതി പൂർത്തിയായിട്ടുണ്ടോ : ഈ പദ്ധതിമൂലം ടൂറിസം രംഗത്ത് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ;

(എഫ്) ഗസ്റ്റ് ഹൗസുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly